SADHWARTHA
Glory to God in the highest... and on earth peace
# സദ്വാർത്ത
An official publication of Church of God (Full Gospel) in India, Central West Region
VOL. 26 ISSUE 6 | PUBLISHED FROM MUMBAI | BI-MONTHLY | NOV - DEC 2017

# ദൈവമക്കൾ തങ്ങളുടെ നിത്യത അവകാശമാക്കുന്നതിന് ഒരുക്കമുള്ളവരായിരിക്കുക; പാസ്റ്റർ ബെന്നിസൻ മത്തായി

## ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ ഭ നോർത്തേൺ ഡിസ്ട്രിക്റ്റ് സംയുക്ത ആരാധന നോയിഡയിൽ സമാപിച്ചു

**ന്യൂഡൽഹി/നോയിഡ:** ലോകം അതിന്റെ വിനാശകരമായ നാളുകളിലേക്ക് അടുത്തു കൊണ്ടിരിക്കുന്നതിനാൽ ദൈവമക്കൾ തങ്ങളുടെ നിതൃത പ്രാപിക്കുന്നതിനുള്ള ഒരുക്കമുള്ളവരാതി ഇരിക്കണമെന്ന് റീജനൽ ഓവർസീയർ പാസ്റ്റർ ബെന്നിസൻ മത്തായി പ്രസ്ഥാപിച്ചു. ഇന്ത്യാ ദൈവസഭ സെട്രൽ വെസ്റ്റ് റീജിയൻ നോർത്തേൺ ഡിസ്ട്രിക്റ്റിന്റെ സംയുക്ത ആരാധനയിൽ കൊലോസ്യ ലേഖനം 3-ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള വാകൃങ്ങൾ ആധാരമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. നശിച്ചു പോകുന്ന ലോകത്തിനു വേണ്ടി യല്ല നശിക്കാത്തതും നിലനില്ക്കുന്നതുമായ നിതൃത ലഭിക്കേണ്ടതിന് നമ്മുടെ സമ



യങ്ങളേയും കാലങ്ങളേയും വേർതിരിച്ച് വിശുദ്ധിയെ തികച്ചു കൊള്ളുവാൻ അദ്ദേഹം വിശ്വാസി സമൂഹത്തെ ഉൽ ബോധിപ്പിച്ചു. നവംബർ മാസം 12-ാം തിയതി നോയിഡയിൽ സെക്ടർ 53-ൽ ഉള്ള കമ്യൂണിറ്റി സെന്ററിലായിരുന്നു സമ്മേളനം നടന്നത്. പാസ്റ്റർ സജി കുരിയാക്കോസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ സാം സാമുവേൽ അദ്ധ്യക്ഷനായിരുന്നു. സങ്കീർത്തനം വായന പാസ്റ്റർ റോബി പി യോശുവ നിർവ്വഹിച്ചപ്പോൾ ഡിസ്ട്രിക്റ്റ് പാസ്റ്റർ മാത്യൂ റ്റി. സാമുവേൽ തിരുമേശയിൽ നിന്ന് ശുശ്രൂഷിച്ചു. വിശ്വാസി സമൂഹവും കർത്തൃദാസന്മാരും ചേർന്ന് റീജനൽ ഓവർസീയർക്ക് മെമെന്റോയും ബൊക്കെയും നല്കി ആദരിച്ചു. കഴിഞ്ഞ രണ്ടു വർഷത്തെ റീജനൽ ഓവർസിയറിന്റെ പ്രവർത്തന പുരോഗതിയെ അനുസ്മരിച്ചുകൊണ്ട് മുതിർന്ന സഹോദരൻ രാജൻ വർഗീസ് (ഹൗസ്ഖാസ്) സംസാരിച്ചു. റീജനൽ ബൈബിൾ ക്വിസിൽ ഡിസ്ട്രിക്റ്റിൽ ഉന്നത നിലവാരം കരസ്ഥമാക്കിയവർക്ക് സർട്ടിഫിക്കറ്റും കാഷ് അവാർഡു ളും നല്കി ആദരിച്ചു. പാസ്റ്റർ ജോൺസൺ തോമസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. പാസ്റ്റേഴ്സ് റ്റി ജെ ബോവസ്, റെഞ്ചി കുര്യാക്കോസ്, ജോസ് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. ജേക്കബ് ചെറിയാൻ പരിഭാഷ നിർവ്വഹിച്ചു. ബ്രദർ തോമസ് സാമുവേൽ (ഡിസ്റ്ററിക്റ്റ് സെക്രട്ടറി) നന്ദിപറഞ്ഞു. 400 പേർ സംബന്ധിച്ച യോഗം പാസ്റ്റർ സാം വി ദാനിയേലിന്റെ പ്രാർത്ഥനയോടെ പര്യവസാനിച്ചു.

*- പാസ്റ്റർ റ്റി. ജെ. ബോവസ്*

# ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ മാത്രമേ തിന്മയിൽ നിന്നുള്ള വിമോചനം സാദ്ധ്യമാകയുള്ളൂ: പാസ്റ്റർ എം. കുഞ്ഞപ്പി

## എറ്റേണൽ ഫ്രണ്ട്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച സുവിശേഷ മഹായോഗം സമാപിച്ചു.



പാസ്റ്റർ എം. കുഞ്ഞപ്പി പ്രസംഗിക്കുന്നു. പരിഭാഷ പാസ്റ്റർ ജോൺ സി. മുട്ടുവേലി

**കല്യാൺ :** മലിനത നിറഞ്ഞ ലോകത്തിൽ സാമൂഹിക തിന്മയിൽ നിന്നും മനുഷ്യന് മോചനവും ഉദ്ധാരണവും യേശുക്രിസ്തുവിലൂടെ മാത്രമേ സാദ്ധ്യമാകയുള്ളൂ എന്ന് കർണ്ണാടകാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി പ്രസ്ഥാവിച്ചു. ശാസ്ത്രീയ പുരോഗതിയോ സമ്പത്തുകളുടെ ബാഹുലൃമോ മനുഷ്യന് സമാധാനം നല്കുന്നി ല്ലെന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അത് സാദ്ധ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എറ്റേണൽ ഫ്രണ്ട്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സുവിശേഷ യോഗത്തിൽ സംസാരിക്കയായിരുന്നു അദ്ദേഹം. നവംബർ മാസം 10,11 തിയതികളിൽ കല്യാൺ സലായി മംഗൾ കാര്യാലയത്തിൽ ആയിരുന്നു യോഗം. പാസ്റ്റർ ജോൺ സി. മുട്ടുവേലി പരിഭാഷ നിർവ്വഹിച്ചു. വിവിധ സഭകളിൽ നിന്നും കർത്തൃദാസന്മാരും വിശ്വാസികളും സംബന്ധിച്ചു.

*- പാസ്റ്റർ ജോൺ സി. മുട്ടുവേലി.*

## CHURCH OF GOD CENTRAL WEST REGION
# REGIONAL CONVENTION
**Date : 1 - 4 February, 2018**
**Time and Place**

| | |
|---|---|
| Pastors conference at every day | 7.00 am - 5.00 pm<br>**Catholic ARC Centre, Panvel** |
| Convention at Thursday, Friday, Saturday | 06.30 am - 9.00 pm<br>**Alliance Church, Vashi** |
| Sunday Common worship | 9.00 am - 1.00 pm<br>**Shanmukhananda Hall, Matunga.** |

# വിശ്വാസികൾ യേശുക്രിസ്തുവിൽ വളരുന്നവരായിരിക്കണം
## പാസ്റ്റർ കെ. സി. ഏബ്രഹാം

### ചർച്ച് ഒഫ് ഗോഡ് മുംബൈ വെസ്റ്റേൺ ഡിസ്ട്രിക്റ്റ് ക്രമീകരിച്ച ഉപവാസ പ്രാർത്ഥന സമാപിച്ചു.



**മുംബൈ :** ജഡമോഹങ്ങളിലും ലോകൈക സുഖങ്ങളിലും രസിച്ച് ജീവിതം പാഴാക്കാതെ വിശ്വാസികൾ യേശുക്രിസ്തുവിൽ വളരുന്നവരായിരിക്കണമെന്ന് പാസ്റ്റർ കെ. സി. ഏബ്രഹാം പ്രസ്ഥാവിച്ചു. മുംബൈ വെസ്റ്റേൺ ഡിസ്ട്രിക്റ്റ് സംഘടിപ്പിച്ച മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന ഉദ്ഘാടനം ചെയ്ത് സംസാരിക്കയായിരു ന്നു അദ്ദേഹം. സതൃവിശ്വാസികൾ ക്രി സ്തുവിൽ വളരുകയും ക്രിസ്തു നമ്മിൽ വള രുകയും വേണമെന്നും അതിനാണ് നാം ഈ ദിവസങ്ങളിൽ ഉപവസിക്കയും പ്രാർത്ഥിക്കയും വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. എഫേസ്യ ലേഖനം 1:15 മുതലുള്ള വാകൃങ്ങൾ ആധാരമാക്കി സംസാരിക്കയായിരുന്നു അദ്ദേഹം. നവംബർ മാസം 16-ാം തിയതി സഹാർ ചർച്ചിലും 17,18 തിയതികളിൽ ഭയിന്ദർ ചർച്ചിലും ആയിരുന്നു മീറ്റിംഗുകൾ നടന്നത്. രാത്രി യോഗങ്ങളിൽ പാസ്റ്റർ കെ. സി. ഏബ്രഹാമിനെ കൂടാതെ പാസ്റ്റേഴ്സ് ഫിലിപ് കെ. ഫിലിപ്പ്, കെ. ഓ. സ്റ്റീഫന് എന്നിവർ വചനം ശുശ്രൂഷിച്ചു. പകൽ നടന്ന യോഗങ്ങളിൽ പാസ്റ്റേഴ്സ് പി. സി. ചെറിയാൻ, അജി ഈപ്പൻ, മാമ്മൻ കുര്യൻ എന്നിവർ ദൈവവചനം സംസാരിച്ചു. വിവിധ സെഷനുകളിൽ പാസ്റ്റേഴ്സ് തോമസ് മാത്യൂ, പി. എൻ. ജോർജ്ജ്, ജോൺ ജോർജ്ജ്, ലോണാ കെ. ആന്റണി, ഏബ്രഹാം ബാഗ്, കെ. സി. ഏബ്രഹാം, ജസ്റ്റിൻ മോസസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റേഴ്സ് മനാഫ്, ജോബി എന്നീ ദൈവദാസന്മാരുടെ സാക്ഷ്യം അനുഗ്രഹമായിരുന്നു. പാസ്റ്റർ ഫിലിപ് കെ. ഫിലിപ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**SADHWARTHA**

### Editorial Board

**Patron**
Pastor Benison Mathai

**Publication Director**
Pastor K. O. Stephen

**Chief Editor**
Pastor Biju Thankachan

**General Editor**
Pastor P. T. Mathew

**Associate Editors**
Pastor John V. Samuel, Mumbai
Rev. Raju Thomas, Chandigarh

**Contributing Editors**
Pastor P.C. Cherian
Rev. T. V. George
Rev. Dr. Thomas K. Iype, Dallas
Rev. Jose Mallassery, U.A.E.
Rev. P. P. Kurien, Kerala
Pastor Manu Chacko, Goa
Pastor Sanjay Allwyn, Kanpur
Pastor Shibu Baby, Pune
Sis. Sally Jacob, Mumbai
Sis. Mini Babu, Pune

****

**Co-ordinators**
Rev. C. V. Andrews, Atlanta
Rev. Johnson Zacharia, Dallas
Rev. Joe Kurian, London
Rev. Moni Mathew, New York
Bro. Koshy M. Varghese, New York
Bro. John Vadakkot, New York
Bro. K. K. Koshy, Pune
Bro. P. D. Thomas, Kerala
Rev. Rajan K. Samuel, KSA

****

**Representatives**
Bro. Thomas A. Mathai, Oman
Bro. C. P. Varghese, Kerala
Bro. D. G. Martin, Mumbai
Bro. P. G. Thomas Bhopal
Bro. Shaji P. John, Delhi

****

**District Co-ordinators**
Pr. Binu Varghese, Nagpur
Pr. Sabu Thomas, Lucknow
Pr. Philip K. Philip, Mumbai
Pr. Shinju Thomas, Indore
Pr. Lijish P. Thomas, Delhi
Pr. P. J. John, Bellarsha
Pr. Harun Lipte, Ahmednagar
Pr. Sam Samuel, Delhi
Pr. Ajimon K. Eapen, Mumbai
Pr. Joppachan, Hyderabad
Br. Johnson, Gujarat
Pr. Chandrasekhar Salunke, Pune
Pr. John K. George, Mumbai


വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം


**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel: 25251834
Mob.: 7738452125,
7276004003
email :sadhwartha@gmail.com


*എഡിറ്റോറിയൽ........*

# സംതൃപ്തിയുടെ സുവിശേഷം



പാസ്റ്റർ ബിജു തങ്കച്ചൻ
ചീഫ് എഡിറ്റർ

അഭിവൃദ്ധിയുടെ സുവിശേഷം ഒരു കൂട്ടർ പ്രസംഗിക്കുമ്പോൾ ദാരിദ്ര്യത്തിന്റെ സുവിശേഷം മറ്റൊരു കൂട്ടർ പ്രസംഗിക്കുന്നു. ഇതിൽ ഏതാണ് ശരിയെന്ന് അറിയാതെ വലയുന്നവരും കുറവല്ല. യേശുക്രിസ്തുവിനെ വിശ്വസിച്ചാൽ എല്ലാ മേഖലയിലും അഭിവൃദ്ധിയും ഉന്നതിയും ഉണ്ടാകുമെന്നും ഭൗതീക സമ്പത്ത് വർദ്ധിക്കുമെന്നും വിലകൂടിയ കാറും വിശാലമായ വീടും ലഭിക്കുമെന്നും പറയുന്ന അഭിവൃദ്ധിയുടെ സുവിശേഷം കേൾക്കാൻ വളരെ ഇമ്പമാണ്. പൊതുവേ ഇതിനോടൊക്കെ താൽപര്യം ഉള്ള മനുഷ്യന് ഇതൊക്കെ ഇഷ്ടപ്പെട്ട പ്രസംഗങ്ങളാണ്. ആർത്തിയുടെ സംസ്കാരം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ സന്ദേശം ആവലോടെ ജനം കൈക്കൊള്ളും. സുവിശേഷത്തിൽ വിശ്വസിക്കുന്നവനിലുണ്ടാകുന്ന സമൂല പരിവർത്തനത്തിൽ ഭൗതീക ഉന്നതിയും ഉണ്ടാകും എന്നത് സത്യമാണെങ്കിലും ഭൗതീക വിശാലതയുടെ വെളിച്ചത്തിലല്ല ആത്മീയ ഉയർച്ച നിർണ്ണയിക്കപ്പെടേണ്ടത്. ഭൗതിക അഭിവൃദ്ധിക്കുവേണ്ടി ഈ സുവിശേഷത്തിൽ വിശ്വസിക്കുന്നതും തെറ്റാണ്. പാപിയായ മനുഷ്യനെ രക്ഷിച്ച് ശുദ്ധീകരിച്ച് സ്വർഗ്ഗത്തിൽ എത്തിക്കുന്നതാണ് സുവിശേഷം.

മറ്റു ചിലർ ദാരിദ്ര്യത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നു. അനേക കഷ്ടങ്ങളിലൂടെയാണ് ദൈവരാജ്യത്തിൽ കടക്കേണ്ടത്. എന്നും കഷ്ടതയാണ് സുവിശേഷം തരുന്നതെന്നും പറയുന്നവർ. എന്നാൽ ബൈബിളിൽ പറഞ്ഞിരിക്കുന്നതെന്താണ് ? കഷ്ടതയേയും സമൃദ്ധിയേയും സുവിശേഷവുമായി കൂട്ടി കുഴയ്ക്കേണ്ടതുണ്ടോ?

സത്യവേദപുസ്തകവും സത്യസുവിശേഷവും പഠിപ്പിക്കുന്നത് സംതൃപ്തിയുടെ സുവിശേഷമാണ്. സുഖമായാലും ദുഃഖമായാലും കഷ്ടമായാലും നഷ്ടമായാലും നന്മയായാലും തിന്മയായാലും വിശ്വസ്തതയോടെ കർത്താവിനെ സേവിച്ച് സംതൃപ്തിയോടെ ജീവകാലം കഴിച്ച് നിത്യതയിൽ എത്തിപ്പെടുക എന്നതാണ് വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന്റെ ലക്ഷ്യം.

സുവിശേഷത്തിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച് ക്രിസ്തുവിനെ പിന്തുടരുന്ന സത്യവിശ്വാസി ഈ ലോകത്തിൽ ദൈവം കടത്തിവിടുന്ന എല്ലാ ജീവിത സാഹചര്യങ്ങളിലും സംതൃപ്തിയോടെ ജീവിക്കേണ്ടതാണ്. നാം സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറ് നമ്മിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു.

ഏദനിൽ ഹവ്വയുടെ അടുക്കലെത്തി അവളിൽ അസംതൃപ്തി ഉളവാക്കി പാപത്തിലേക്ക് തള്ളിയിട്ട പിശാച് ഇന്നും അതേ തന്ത്രം മനുഷ്യരിൽ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ദ്രവ്യപ്രിയനു ദ്രവ്യം കിട്ടിയിട്ടും ഐശ്വര്യ പ്രിയനും ആദായം കിട്ടീട്ടും തൃപ്തി വരുന്നില്ല എന്നാണ് സഭാപ്രസംഗി പറഞ്ഞിരിക്കുന്നത് (5:10).

എന്നാൽ തനിക്ക് ലാഭമായിരുന്നതൊക്കെയും ക്രിസ്തു നിമിത്തം ചേദം എന്നെണ്ണിയ പൗലോസ് പിൽകാലത്ത് സംതൃപ്തിയിലൂടെയാണ് തന്റെ പ്രേക്ഷിത പ്രവർത്തനം ചെയ്തത്. ഒരു കാലത്ത് തനിക്ക് സ്വന്തമായിട്ടുണ്ടായിരുന്ന ഭൗതീക സമ്പത്തുകളെല്ലാം ചവറ് എന്നെണ്ണിയ പൗലോസ് ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ശീലിച്ചിരുന്ന എനിക്ക് വേണ്ടുന്നതെല്ലാം ഉണ്ട്. സമൃദ്ധിയുമായിരിക്കുന്നു എന്ന് പറയാൻ തനിക്ക് സാധിച്ചു.

സുവിശേഷം സമ്പത്ത് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗമല്ല സംതൃപ്തിയോടെ ജീവിക്കാൻ പഠിപ്പിക്കുന്ന ശ്രേഷ്ഠമാർഗ്ഗമാണ്. ●

*From Regional Overseer....*

# Redeeming the time



**Pastor Benison Mathai**

We live in a world where people are becoming busier day by day though the God's design of time and day remains the same. Most of the people spend more time for unwanted things than wanted. The over influence and use of multimedia and modern amenities has robbed our time, especially our time for God and for beloved ones.

Apostle Paul emphasizes the proper use of time in Ephesians 5:16, in the light of the evil situations. A few versions of the verse given for clear understanding.

These are evil times, so make every minute count. (CEV)

I mean that you should use every opportunity you have for doing good, because these are evil times. (ERV)

Making the best use of the time, because the days are evil. (ESV)

Make good use of every opportunity you have, because these are evil days. (GNB)

Making the best use of your time because the times are evil. (ISV)

Redeeming the time, because the days are evil. (KJV)

It is believed that the most precious thing in the world is time, because time cannot be added or bought with a prize. It is told that Alexander the great offered his Kingdom to extend his life for one hour to see his mother, but died before. The greatest gift that we can ever give any one is our time. So be diligent to spent time for God and our dear ones. The well-known story of a son who begs money to his father, ultimately to buy one hour from him to spend together was heart touching.

Life is the most precious gift from God. For a man who lives here on earth has only 25567 days, 613620 hours, 36817200 minutes and 2209032000 seconds to live on this earth. Every moments of our life counted. We are not supposed to waste our time or opportunity.

" Know the true value of time; snatch, seize and enjoy every moment of it, no idleness, no laziness, no procrastination: never put off till tomorrow what you can do today" – Chesterfield

"Imagine there is a bank that credits your account each morning with Rs. 86400. It carries over no balance from day today. Every evening it deletes whatever part of the balance you failed to use during day. What would you do? Draw out every paisa, of course. Each of us has such a bank. Its name is time. Every morning, it credits you with 86400 seconds. Every night it writes off, as lost, whatever time you have failed to invest to good purpose. It carries over no balance. It allows no overdraft. Each day it opens a new account for you. Each night it burns the remains of the day. If you fail to use the day's deposit, the loss is yours. There is no going back. There is no drawing against tomorrow. You must live in the present on today's deposit. Invest it, to get from it the utmost in health, happiness and success! The Clock is running, make the most of today". (Author Unknown)

I would add along with the above quote; invest the time in the light of eternity, making every moment useful to please God and serving Him in any available capacity. Every moment that we spent and every act we do make either a positive or a negative impact in eternity.

"Until you value yourself, you will not value time. Until you value your time, you will never do anything with it". We are supposed to identify our purpose in Christ and live accordingly. God created every one and assigned with a definite purpose. Our time on earth is to prepare for eternity and to fulfill the purpose for which we are deputed here. A man of God said" I have only one life; it will pass away soon. But what I do for the Lord will remain forever".

So let us value our time and make maximum use of every moment and opportunity for God's glory and expansion of His Kingdom before we understand 'it is too late" or 'it is lost'. ●

# ഇഗത്പുരിയിലൊരു ഏൽ-ഷദായി റെസ്ക്യൂ ഹോം

**ഏകദേശം അഞ്ച് പതിറ്റാണ്ടുകൾക്ക് മുമ്പായിരുന്നു സമൂഹത്തിൽ പ്രകാശം പരത്തുന്ന ആ സൂര്യോദയത്തിന്റെ ഉത്ഭവം. അനാശാസ്യ പ്രവർത്തനം മൂലവും ചുവന്ന തെരുവിൽ അകപ്പെട്ടു പോയവരുടെ ജീവിതത്തിന്റെ ബാക്കി പത്രവുമായി ജനിക്കുന്ന അനാഥ കുട്ടികളെ പുനരധി വസിപ്പിച്ച് സമൂഹത്തിൽ നല്ല പൗരന്മാരായി വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെയാണ് റസ്ക്യൂഹോം പ്രവർത്തനം ആരംഭിച്ചത്. അതിലൂടെ ജീവിതത്തിന്റെ അഴുക്കു ചാലിൽ പിറന്നവർക്കും സമൂഹത്തിൽ നന്മ വിതയ്ക്കുവാൻ സാധിക്കും എന്ന് തെളിയിച്ചു കൊടുക്കുവാൻ റസ്ക്യൂഹോമിന് കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം – തയ്യാറാക്കിയത് പാസ്റ്റർ കെ . ഒ. സ്റ്റീഫൻ.**



ഏൽ-ഷദായി റെസ്ക്യൂ ഹോം, ഇഗത്പുരി – മഹാരാഷ്ട്ര

ഒരു ക്രിസ്തീയ പ്രോഗ്രാം തികഞ്ഞ അച്ചടക്കത്തോടും ആത്മ നിയന്ത്രണത്തോടും കൂടി നടക്കയായിരുന്നു. ഫോട്ടോ ഗ്രാഫിയിൽ നൈപുണ്യം നേടിയ ഒരു ചെറുപ്പക്കാരൻ ഓടി നടന്ന് അതിന്റെ തുടിക്കുന്ന ഓരോ രംഗങ്ങളും ക്യാമറാ കണ്ണിൽ ഒപ്പിയെടുക്കുന്നത് എല്ലാവരും വളരെ കൗതുകത്തോടെ ശ്രദ്ധിച്ചിരുന്നു. റവ. കെൻ ആൻഡേഴ്സൻ അങ്ങനെയാണ് പ്രമോദിനെ പരിചയപ്പെടുന്നത്. തന്റെ സ്കിൽ വർക്കിലുള്ള ആത്മാർത്ഥതയെ അഭിനന്ദിച്ചു കൊണ്ടായിരുന്നു തുടക്കം. തന്റെ അപ്പനേയും അമ്മയേയും ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത ചുവന്ന അഴുക്കു ചാലിൽ പിറന്ന കുട്ടിയാണ് പ്രമോദ് എന്ന അറിവ് റവ. കെൻ ആന്റേഴ്സിനെ വല്ലാതെ അസ്വസ്ഥനാക്കി. ഏതു കാര്യത്തിലും അനശ്വരനായ ദൈവത്തിന്റെ ഇഷ്ടം തിരി ച്ചറിയുവാൻ എന്തെങ്കിലും പഴുതുകൾ ഉണ്ടോ എന്ന് അന്വേഷിക്കുന്ന അദ്ദേഹത്തിന് ഇലത്തുമ്പിൽ നിന്നും ഉതിർന്നു വീണ ഒരു മഴത്തുള്ളിയാണ് പ്രമോദ് എന്ന് ആത്മാവിൽ തിരിച്ചറിയുന്നതിന് അധികം സമയം വേണ്ടി വന്നില്ല. ചില തുള്ളികൾ അങ്ങനെയാണ്. ഉതിർന്നു വീഴാനായി മാത്രം വിധിക്കപ്പെട്ടവർ!! ചില വീഴ്ചകൾ കണ്ടാൽ എല്ലാം തീർന്നു എന്ന് തോന്നിപ്പോകും!! ഇറ്റിറ്റു വീഴുന്ന മഴത്തുള്ളികളെ ഭൂമി തങ്ങളുടെ ദാഹശമനത്തിനായി ഉപയോഗിക്കുന്നതിൽ എന്താണ് തെറ്റുള്ളത്. എന്നാൽ അതൊരു അരുവിയുടെ തുടക്കം ആകുമെന്ന് വീണു പോകുന്ന മഴത്തുള്ളികൾ അറിയുന്നില്ല. ഒരു മുകുളം മുളയ്ക്കുവാൻ വിത്തിനെ നനയ്ക്കാനാണ് തങ്ങൾ ഉതിർന്നു വീഴുന്നതെന്നും തിരിച്ചറിയാതെ പോകുന്ന തുള്ളികൾ... പ്രമോദ് എന്ന മഴത്തുള്ളി റവ. കെൻ ആന്റേഴ്സന്റെ ഉള്ളിൽ ഉതിർന്നു വീണതിന്റെ ദൈവോദ്ദേശം അദ്ദേഹം വേഗത്തിൽ തിരിച്ചറിഞ്ഞു. സാഹചര്യങ്ങളുടെ കടുത്ത ചൂടിൽ ആവിയായി പോകേണ്ട ഒരു തുള്ളിയല്ല പ്രമോദ് എന്ന തിരിച്ചറിവ്. പിന്നെ ഒട്ടും താമസിയാതെ ഇരുവരുടേയും മനസ്സിന്റെ നിർമ്മല തലങ്ങളിൽ അവർ ഒന്നായിത്തീർന്നു. കഠിനമായ ശ്രമങ്ങളിലൂടെ റവ കെൻ ആൻഡേഴ്സൻ ആ മകനെ ദത്തെടുത്ത് സ്വന്തമാക്കി.



റിനോവേഷൻ പണികൾ പുരോഗമിക്കുന്നു

പ്രമോദിലൂടെയാണ് ആ കഥയുടെ ചുരുൾ അഴിഞ്ഞത്... ഇഗത്പുരിയിലെ റെസ്ക്യൂ ഹോമിനെക്കുറിച്ച്... 250 കുട്ടികൾക്കും മറ്റ് സ്റ്റാഫംഗങ്ങൾക്കും താമസിക്കുന്നതിനുള്ള എല്ലാ സൗകര്യ ങ്ങളോടും കൂടി ആയിരുന്നു തുടക്കം. അശരണർക്കും അഗതികൾക്കും താങ്ങും തണലും ആശ്വാസവും നല്കി നല്ല വിദ്യാഭ്യാസത്തിലുടെ സാമൂഹിക പ്രബുദ്ധതയു ള്ളവരാക്കി വളർത്തി എടുക്കുന്നതിനുള്ള ശ്രമം തികച്ചും ഫലം കണ്ടു തുടങ്ങിയപ്പോഴേക്കും പ്രദേശവാസികൾക്ക് റെസ്ക്യൂ ചിൽഡ്രൻസിന് ഹോം ഒരു അഭിമാന സ്തംഭ മായി മാറിയിരുന്നു. 1970-ൽ ദൈവീക നിയോഗത്തോടെ ആയിരുന്നു തുടക്കം. ജനസേവനം ജീവിത ചര്യയായി തിരഞ്ഞെടു ത്ത മിസസ്സ് ആൻഡ് മിസ്റ്റർ ഗിഡേന ഇൻഡ്യയിലെ ചുവന്ന തെരുവിനെക്കുറിച്ച് കേട്ടറിഞ്ഞാണ് എത്തുന്നത്. കേട്ടറിവിനേക്കാൾ കണ്ടറിവ് തന്നെ കൂടുതൽ സേവന തല്പരനാക്കി.

25 വർഷത്തെ സേവനം പൂർത്തീകരിച്ച് മടങ്ങുമ്പോൾ അവർ എല്ലാം കൊണ്ടും ഏറെ സംതൃപ്തരായിരുന്നു. പാസ്റ്റർ വിശ്വാസ് സമുദ്രേയും തന്റെ ഭാര്യയും ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തുവാൻ അവരെ ചുമതലപ്പെടുത്തിയിട്ടാണ് മിസ്റ്റർ ഗിഡ്ണേയും കുടുംബവും മടങ്ങുന്നത്. ആ കാലത്ത് സുവിശേഷ പ്രവർത്തനത്തിൽ ജന ഹൃദയങ്ങൾക്ക് ഏറെ ചൈതന്യമായിരുന്ന പാസ്റ്റർ വിശ്വാസ് സമുദ്രേ തന്റെ ദൗത്യം ഏറെ കൃത്യതയോടെ പൂർത്തീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെ മകൻ പാസ്റ്റർ സുഹാസ് സമുദ്രേ അത് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരുന്നു. ഇതിനോടകം തന്റെ പിതാവും മാതാവും നി ത്യതയിൽ പ്രവേശിച്ചു. മാത്രവുമല്ല റസ്ക്യൂ ചിൽഡ്രൻസ് ഹോമിന്റെ സ്ഥാപകനായ ഗിഡ്നിയും തന്റെ ഭാര്യയും കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടതോടെ അവിവാഹിതനായ പാസ്റ്റർ സുഹാസ് സമുദ്രേക്ക് ഇത് നടത്തിക്കൊണ്ടു പോകുന്നതിന് കടുത്ത സാമ്പത്തിക പ്രസിസന്ധി നേരിടേണ്ടി വന്നു. 250 കുട്ടികൾക്കും സ്റ്റാഫംഗങ്ങൾക്കും ആഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ ലക്ഷങ്ങളുടെ കടബാദ്ധ്യത തന്നെ അസ്വസ്ഥനാക്കി. അതോടെ റസ്ക്യൂ ഹോമിലെ കുട്ടികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വന്നു. അങ്ങനെ 12- വർഷം റസ്ക്യൂ ഹോം പ്രവർത്തന സ്തംഭനത്തിലായി. തികച്ചും അനാഥനായ പ്രമോദ് തന്റെ രണ്ടാമത്തെ വയസിലാണ് ഈ സ്ഥാപനത്തിൽ എത്തുന്നത്. പാസ്റ്റർ സുഹാസും പ്രമോദും ഏതാനും ചില കുട്ടികളും മാത്രം അവശേഷിച്ചു. ഈ 12 കൊല്ലവും സ്ഥാപനത്തിന്റെ ഉദ്ധാരണത്തിനു വേണ്ടി അവർ പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു. ഒരു തുള്ളിയായി അവശേഷിച്ച പ്രമോദിനെ റവ കെൻ ആന്റേഴ്സൻ അങ്ങനെയാണ് കണ്ടു മുട്ടുന്നത്. പാസ്റ്റർ സുഹാസുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മടങ്ങിപ്പോയ റവ കെൻ ആന്റേഴ്സൻ ദൈവസഭയുടെ അന്തർദ്ദേശീയ കാര്യാലോചനയിൽ പ്രസ്തുത വിഷയം അവതരിപ്പിച്ചു. ലൈംഗീക ചൂഷണത്തിന് ഇരയാകുന്നവരുടെ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് ഒരു സെന്ട്രൽ ഏഷ്യയിൽ തുടക്കം കുറിക്കുന്നതിനെക്കുറിച്ചുള്ള ആലോചനാ മീറ്റിംഗായിരുന്നു അത്.

അങ്ങനെ ഇഗത്പുരിയിലുള്ള റസ്ക്യൂ ചിൽഡ്രൻ ഹോം ഏറ്റെടുക്കുന്നതിനുള്ള തീരുമാനവുമായി അതിന്റെ സാദ്ധ്യതാ പഠനങ്ങളുമായി റവ കെൻ ആന്റേഴ്സൻ മുന്നോട്ടു നീങ്ങി. അതിന്റെ ഫലമായിട്ടാണ് ജെനിസിസ് ഫൗണ്ടേഷൻ ചാരിറ്റബിൾ ട്രസ്റ്റ് രൂപം കൊള്ളുന്നത്. ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയനിലെ നിലവിലുള്ള ഓവർസീയർ പ്രസ്തുത ട്രസ്റ്റിന്റെ മാനേജിഗ് ട്രസ്റ്റിയും ബ്രദർ കെ. കെ. കോശി, ബ്രദർ ബോബി തോമസ് എന്നിവർ അംഗങ്ങളുമായ പ്രവർത്തന സമിധിയുടെ നിയന്ത്രണത്തിലാണ് ട്രസ്റ്റ് പ്രവർത്തിക്കുന്നത്. റെസ്ക്യൂ ചിൽഡ്രസ്സ് ഹോമിന്റെ കടബാദ്ധ്യതകൾ പരിഹരിച്ചു കൊണ്ടാണ് ഏകദേശം രണ്ടേക്കർ സ്ഥലവും കെട്ടിടങ്ങളും ജെനിസിസ് ഫൗണ്ടേഷൻ ഏറ്റെടുക്കുന്നത്. പ്രസ്തുത ട്രസ്റ്റിന്റെ കീഴിലുള്ള പ്രവർത്തനമാണ് ഏല്-ശദായി റെസ്ക്യൂ ഹോം. യൂ പി ജി സൗത്ത് ഏഷ്യ കോർഡിനേറ്ററായി പ്രവർത്തിക്കുന പാസ്റ്റർ വി. വി. അലക്സാണ്ടറാണ് ഏൽ-ഷദായി റസ്ക്യൂഹോമിന്റെ ഡയറക്ടർ. ബ്രദർ ബിജു കെ വർഗീസ് അസിസ്റ്റന്റ് ഡയറക്ടറായും പ്രവർത്തിക്കുന്നു. നാഗപ്പൂരിൽ ഉണ്ടായിരുന്ന നമ്മുടെ അനാഥാ

» 4


## GENESIS FOUNDATION CHARITABLE TRUST



**Pastor Bennison Mathai**
Managing Trustee



**Bro. K.K. Koshy**
Board Member



**Evg. Bobby Thomas**
Board Member

**El-Shadai Rescue Home**



**Pastor V. V. Alexander**
Director



**Evg. Biju K. Varghese**
Assistant Director

# ആത്മീയ ലോകത്തിലെ ചില രൂപമാറ്റം



പാസ്റ്റർ ഷിബു മാത്യു
അഹമ്മദാബാദ്

ആദിമ സഭയുടെ തുടക്കം അപ്പോസ്തോല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ വ്യക്തമായി കാണുന്നുണ്ട്. അവിടെ ദൈവഭയം ഉണ്ട്, വചനദ്യാനം ഉണ്ട്, ഏറ്റുപറച്ചിൽ ഉണ്ട്, സാക്ഷ്യം ഉണ്ട്. കൂട്ടായ്മയുണ്ട്, 'വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റു അവനവൻ ആവശ്യം ഉള്ളതുപോലെ എല്ലാവരും പങ്കിടുകയും, ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരുകയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും ഉള്ളവരായി കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു' (അ. പ്ര. 2:44-47). എന്നാൽ ഇന്ന് തികച്ചും വ്യത്യസ്തമാണ്, അർത്ഥരഹിതമായ ആരവാരങ്ങൾകൊണ്ടും, അഭിപ്രായ പ്രകടനങ്ങൾകൊണ്ടും, മാസ്മരീക ശബ്ദങ്ങൾക്കൊണ്ടും ആത്മീയ മണ്ഡലം മുഖരിതമാണ്. വിധേയത്വമോ, വിശ്വാസമോ പരസ്പരം ആർക്കുമാരോടുമില്ല. സഭാരാഷ്ട്രീയം തലക്കു പിടിച്ച് തമ്മിലുണ്ടാക്കുന്ന കൂട്ടുകെട്ടുകളും, ചേരിപ്പോരുകളും, പകപോക്കലുകളും അവിശുദ്ധ ഇടപെടലുകളുംകൊണ്ട് മുഖരിതമായിരിക്കുന്നു. ദൈവവചനത്തെ മറക്കുന്നവനും, വളച്ചൊടിക്കുന്നവനും, മാഫിയ തലവനും, പിടിച്ചുപറിക്കാരനും വിശ്വാസവേദിയിലെ ആത്മീയ അപ്പോസ്തലന്മാരായി വിലസുന്നു. എന്തുചെയ്യണമെന്നറിയാതെ കുഴയുന്ന മറുകൂട്ടർ. എല്ലാം ഒരു അവിയലിന്റെ പരുവത്തിൽ ആയിരിക്കുന്നു. എവിടെയോ എന്തൊക്കെയോ ചീഞ്ഞുനാറുന്നു. ''നായി ഛർദ്ദിച്ചതിലേക്കു വീണ്ടും തിരിയുന്നതുപോലെ'' അനേകരും ന്യൂജനറേഷൻ രീതികളിലും, പ്രോസ്പിരിറ്റി തിയോളജിയും അതുംകൂടാതെ വിട്ടു പോന്ന പൌരോഹിത്യത്തിലേക്കുള്ള മടങ്ങിപ്പോക്കും ആത്മീയ അതഃപതനത്തെ വ്യക്തമാക്കുന്നതാണ്. ദൈവപ്രസാദത്തെക്കാൾ, മഹത്വത്തെക്കാൾ ഉപരി എങ്ങനെ ജനത്തിന്റെ ഇടയിൽ, സമൂഹത്തിൽ, സോഷ്യൽ മീഡിയകളിൽ എങ്ങനെ വചനത്തെക്കാൾ ഉപരി ഉണർവ്വിന് പ്രാധാന്യം നൽകുന്ന മറ്റൊരു കൂട്ടർ. അവർക്ക് വചനമല്ല പ്രാധാന്യം, ജനത്തെ വല്ലവിധേനയും തുള്ളിക്കുന്നതാണ്, കുറ്റം പറയരുതല്ലോ ഇതാണ് ഇന്ന് ജനത്തിനു വേണ്ടത്.

അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകുമെന്ന അപ്പോസ്തലനായ യൂദയുടെ വാക്കുകൾ എത്ര ശരിയായിരിക്കുന്നു. ഇന്ന് ദൈവസഭകൾ പരിഹാസികളെ കൊണ്ടു നിറഞ്ഞിരിക്കുന്നുവോ എന്ന് ഭയപ്പെടുന്നു. ദിവസത്തോളം യിസ്രായേൽ ജനത്തെ വെല്ലുവിളിക്കുന്ന മല്ലനായ ഗോലിയാത്തിന്റെ ചരിത്രം ശമുവേലിന്റെ 17-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ദൈവീക അഭിഷേകവും (10:6) രാജത്വവും (11:14) പ്രാപിച്ചവന്റെ മുൻപിൽ ഒരു ജാതീയ മല്ലൻ നിന്ന് വെല്ലുവിളിക്കുമ്പോൾ കേട്ട് പേടിച്ച് ഭ്രമിച്ച് ഏറ്റവും ഭയപ്പെട്ട് പിന്മാറുന്ന കാഴ്ച (17:2-11) കാണുന്നു. പലപ്പോഴും ആത്മീയരെന്ന് അഭിമാനിക്കുന്നവർക്ക് ഒരു മുൻകുറിയാണ് ശൗൽ ഒരു കാലത്ത് ദൈവീക അനുഭവം പ്രാപിച്ച് ദൈവീക കൃപയിൽ നിന്നവർ ഇന്ന് പലതിലും കണ്ട് ഭയപ്പെട്ട് ജഡീകമായ അധഃപതനത്തിലേക്ക് മാറുന്നത് പരിതാപകരമാണ്. അപ്പന്റെ ആടുകളെ അന്വേഷിച്ചുവന്ന ശൗൽ നിരാശനായി മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചപ്പോൾ ''പട്ടണത്തിൽ ഒരു ദൈവപുരുഷനുണ്ട്. അവൻ മാന്യനാകുന്നു. അവൻ പറയുന്നത് എല്ലാം ഒത്തുവരുന്നു. നമുക്ക് അവിടെ പോകാം. നാം പോകുവാനുള്ള വഴി അവൻ പക്ഷെ പറഞ്ഞുതരും'' എന്നുള്ള ഭൃത്യന്റെ വാക്കുകൾ ശൗലിന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. 1. അഭിഷേകം പ്രാപിച്ചു (10:1), ആൾ മാറി (10:6), പുതിയ ഹൃദയം പ്രാപിച്ചു (10:9) പ്രവചിക്കുന്നവൻ (10:11), രാജത്വം പുതുക്കിയവൻ (11:14). പക്ഷെ ദൈവത്തിന്റെ കൽപന പ്രമാണിക്കാത്തതുകൊണ്ട് ദൈവീക അഭിഷേകം അവനെ വിട്ടുമാറി (13:13-14). അഭിഷേകം നഷ്ടപ്പെട്ട ശൗലും കൂട്ടരും ഭയപ്പെട്ട് മാറിയപ്പോൾ അഭിഷേകം പ്രാപിച്ച ദാവീദ് യുദ്ധകളത്തിലേക്ക് കടന്നുവരുന്നു. ചെറുപ്പക്കാരൻ, യുദ്ധമറിയാത്തവൻ, പടക്കോപ്പ് അണിഞ്ഞ് പരിചയമില്ലാത്തവന്റെ വാക്കുകൾക്ക് ആരും വില കൽപിച്ചില്ലെങ്കിലും പിന്നീടുള്ള വാക്കുകൾ (17:33-39). രാജാവിനുപോലും മാറ്റി നിറുത്തുവാൻ പറ്റാത്ത തരത്തിൽ ആയിത്തീർന്നു. അഭിഷേകം പ്രാപിച്ചദാവീദ് ഇന്നത്തെ സമൂഹത്തിന് ഒരു മാതൃകയാണ്. പ്രാപിച്ച ദൈവകൃപയെ മറ്റുള്ളവരുടെ മുൻപിൽ കാണിക്കുവാൻ സോഷ്യൽ മീഡിയായിലും, ടി. വി. പ്രോഗ്രാമുകളും നടത്തി ഞാൻ ചിലത് എന്നു കാണിക്കുവാൻ ശ്രമിക്കുന്നു. മറ്റുചിലർ തന്റെ ഫോട്ടോ അടിച്ചു മറ്റുള്ളവരുടെ മുൻപിൽ കാണിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ പലതും മരത്തിന്റെ മുകളിൽ തൂങ്ങികിടക്കുന്നത് കാണുമ്പോൾ കഷ്ടം തോന്നുന്നു. മറ്റുചിലർ സ്ഥാനമാനത്തിന്റെ പുറകെ ഓടുന്നവർ. ഇങ്ങനെ ആത്മീയ രൂപമാറ്റങ്ങൾ നിരവധി. ചിലതെല്ലാം ഉണ്ടെന്ന് അഭിമാനിച്ചവർ പേടിച്ചുമാറുമ്പോൾ ദൈവകൃപ പ്രാപിച്ച നീ പുറത്തുവരേണ്ട സമയമായിരിക്കുന്നു. ഇളക്കപ്പെരുപ്പങ്ങളുടെ പുറകെയല്ല പകർന്ന, പ്രാപിച്ച ദൈവീക ശക്തിയോടെ മുന്നോട്ട് ഇറങ്ങാം. മറ്റുള്ളവർ തരുന്ന പടച്ചട്ടകളല്ല അനുദിനം നിന്നെ നയിക്കുന്ന, ദൈവത്തിൽ നിന്ന് പ്രാപിച്ച കൃപയോടെ മുന്നോട്ടുപോകാം.

●

## സംയുക്ത ആരാധന

**ഹൈദരാബാദ് :** ഹൈദരാബാദ് ഡിസ്ട്രിക്റ്റിലെ ദൈവസഭകളുടെ സംയുക്താരാധന ഒക്ടോബർ 15 ന് ഞായറാഴ്ച പാ. ജയകുമാർ ശുശ്രൂഷിക്കുന്ന ഹൈദരാബാദ് സഭയുടെ ആഭിമുഖ്യത്തിൽ നടന്നു. പാ. പി. സി. സണ്ണിയുടെ (ഡി.പി.), അദ്ധ്യക്ഷതയിൽ പാ. ജയകുമാർ സങ്കീർത്തന പ്രബോധനം നടത്തുകയും സഫിൽഗുഡ ചർച്ച് ക്വയർ ആരാധനക്ക് നേതൃത്വം നൽകുകയും ചെയ്തു. പാ. ജോബി പ്രാർത്ഥിക്കുകയും പാ. ബിജോ കുര്യൻ കർത്തൃമേശ സംബന്ധിച്ച് പ്രസംഗിക്കുകയും ഡി. പാസ്റ്റർ പി. സി. സണ്ണി ദൈവവചനം ശുശ്രൂഷിക്കുകയും സെക്കന്തരാബാദ് സഭയുടെ സെക്രട്ടറി സകലർക്കും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. പാ. ജെയ്സന്റെ പ്രാർത്ഥനയോടും പാ. പി. സി. സണ്ണിയുടെ ആശീർവാദത്തോടും കൂടെ ആരാധന ഭംഗിയായി അവസാനിച്ചു.

## ഇഗത്പുരിയിലൊരു ഏൽ-ഷദായി റെസ്ക്യൂ ഹോം .... തുടർച്ച

ലയത്തിലെ കുട്ടികളെ റസ്ക്യൂ ഹോമിലേക്ക് മാറ്റി പാർപ്പിച്ചു കൊണ്ടാണ് പ്രവർത്തനം പുനഃരാരംഭിച്ചത്. ഇപ്പോൾ 17 ആൺകുട്ടികളും സ്റ്റാഫംഗങ്ങളും ഇവിടെ താമസിക്കുന്നു. 50 ആൺകുട്ടികൾക്ക് താമസിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

റെസ്ക്യൂഹോമിന്റെ പൗരാണികതയുടെ അടയാളമായി തലയുയർത്തി നില്ക്കുന്ന പടുകൂറ്റൻ ബിൽഡിംഗിന്റെ അറ്റകുറ്റ പണികൾ ഇവിടെ പുരോഗമിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിൽ ഡൈനിംഗ് ഹാൾ, കിച്ചൻ, ക്ളാസ് റൂംസ്, മെഡിക്കൽ റൂം, ഇൻഡോർ ഗെയിംസ് റൂം, കോൺഫറൻസ് ഹാൾ, ഗസ്റ്റ് റൂം എന്നിവ കൂടാതെ ഔട്ട് ഡോർ ഗെയിം ഗ്രൗണ്ട്, പരേഡ് ഗ്രൗണ്ട് എന്നു തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ നിലവിലുണ്ട്. കൂടാതെ 50 പെൺകുട്ടികൾക്ക് താമസിക്കുന്നതിനുള്ള ഡോർമിറ്ററി, അഡ്മിനിദ്രേഷന് ബ്ലോക്ക് എന്നിവയുടെ പണികൾ ഉടൻ ആരംഭിക്കും. റിട്രീറ്റ് സെന്റർ, പാസ്റ്റേഴ്സ് ഡവലപ്പമെന്റ് സെന്റർ, യു.പി. ജി. സൗത്ത് ഏഷ്യാ ഓഫീസ് എന്നിവ ഭാവിയിൽ ഇവിടെ നിലവിൽ വരും - ഡയറക്ടർ പാസ്റ്റർ വി. വി. അലക്സാണ്ടർ പറഞ്ഞു. ദൈവ സഭയുടെ സെട്രൽ വെസ്റ്റ് റീജിയന്റെ പ്രവർത്തന പുരോഗതിക്ക് ഏറെ സാദ്ധ്യതകൾ ഉള്ള കേന്ദ്രമായി ഇതിനെ വിലയിരു ത്തുന്നു.



റെസ്ക്യൂ ഹോമിൽ പാ. കെ.ഒ. സ്റ്റീഫൻ
അലങ്കാരവൃക്ഷം നടുന്നു.
പാ. പി. വി. അലക്സാണ്ടറും
റെസ്ക്യൂ ഹോമിലെ കുട്ടികളും സമീപം

ആകാശം മുട്ടെയുള്ള മലമടക്കുകളുടെ നെറുകയിൽ പച്ച പുതച്ച പ്രകൃതിയുടെ വശ്യസൗന്ദര്യം നിറഞ്ഞു നില്ക്കുന്ന ഇടത്താണ് റസ്ക്യൂ ഹോം സ്ഥാപിച്ചിരിക്കുന്നത്. പട്ടണത്തിലെ തിക്കും തിരക്കും മലിനതയും കൊണ്ട് വീർപ്പു മുട്ടുന്നവർക്ക് ശരീരത്തിന് കുളിർമ്മയും മനസ്സിന് ശാന്തതയും പ്രാണനെ തണുപ്പും ലഭിക്കുന്നതിന് ഇവിടെ എത്തിയാൽ മതിയാകും. മനസ്സിൽ തൊടുന്ന നേർ കാഴ്ചകളുടെ കുട്ടിക്കളികൾ നനഞ്ഞ മിഴികളോടെ മാത്രമേ കാണുവാൻ കഴികയുള്ളു. സ്നേഹം കൊണ്ട് പുണരുന്നവരുടെ സ്പർശനത്തിനായി കൊതിയൂറുന്ന മിഴികളിൽ പ്രതീക്ഷകളുടെ ഒരാ യിരം ഉൾക്കാമ്പുകൾ... അവരെപ്പോലെ നമ്മൾ അനാഥരല്ലായെന്ന് തോന്നുമ്പോഴും നമ്മെപ്പോലെ അവർക്കും സ്വപ്നങ്ങളും പ്രതീക്ഷകളും ജീവിതവും ഉണ്ടെന്ന കാര്യവും ഓർമ്മപ്പെടുത്തുന്ന ശുഭമുഹൂർത്തങ്ങൾ. ചെറിയ ചെറിയ സംഘങ്ങളായി എത്തുന്ന സുമനസുകളെ ഹൃദയപൂർവ്വം സ്നേഹിക്കുവാനും സൽക്കരിച്ചാദരിക്കുവാനും ഇവിടുത്തെ അന്തേ വാസികൾ സ്വമേധാ ഉൽസാഹികളാണ്. യജമാനന്റെ മേശയിൽ നിന്നും വീഴുന്ന അപ്പ നുറുക്കുകൾക്ക് നായ്ക്കുട്ടികൾ അവകാശികൾ ആണെന്ന് കർത്താവ് പറഞ്ഞത് വെറുതേയല്ല. അവർ വീണുപോയ അപ്പ ക്കഷണങ്ങൾ ഭക്ഷിക്കുക മാത്രമല്ല പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുക യും കൂടി ചെയ്യുന്നു എന്നും നമ്മൾ തിരി ച്ചറിയേണ്ടതാണ്.



●

## ഇഗത്പുരി ഹിൽ സ്റ്റേഷൻ

മഹാരാഷ്ട്രയിൽ നാസിക്ക് ഡിസ്റ്റിക്റ്റിൽ സെട്രൽ റെയിവേയുടെ ഹിൽ സ്റ്റേഷനാണ് ഇഗത്പുരി. മുംബൈയിൽ നിന്നും 130 കിലോമീറ്റർ അകലം. ഇതിന്റെ ഏകദേശം സമീപേ കൂടി മുംബൈ ആഗ്രാ എൻ.എച്ച് - 3 നാഷണൽ ഹൈവേ കടന്നു പോകുന്നു. നാസിക്കിൽ നിന്നും 45 കിലോമീറ്റർ അകലം മാത്രം. ടൂറിസത്തിന്നും മതേതര ഐക്യത്തിനും പ്രസിദ്ധി നേടിയ സ്ഥലം. ന്യൂനപക്ഷമായ ക്രൈസ്തവർ 1.4 % മാത്രം. അഗതികളുടേയും അശരണരുടെയും ആശാകേന്ദ്രമായ ഏൽ-ഷദായി റസ്ക്യൂ ഹോം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. വിനോദസഞ്ചാരത്തിനും വാർഷിക ആഘോഷങ്ങൾക്കും ബർത്ത്ഡേ സെലിബ്രേഷനും റസ്ക്യൂഹോം വേറിട്ടൊരനുഭവം നമുക്ക് നല്കുന്നു. ശാന്തതയുടെ വിളനിലമായ ഇവിടം പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പഠനത്തിനും അത്യുത്തമം.

# നമ്മുടെ ലോകം എന്തുകൊണ്ട് ഇങ്ങനെ?

തോമസ് പി. ജോർജ്, കല്യാൺ

നന്മമാത്രം ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. എന്നാൽ നന്മതിന്മകളാൽ സമ്മിശ്രമാണ് നാം ജീവിക്കുന്ന ലോകം. തിന്മകളില്ലാത്ത ലോകമായിരുന്നെങ്കിൽ എന്നു നാം ആഗ്രഹിച്ചു പോകാറുണ്ട്. എങ്ങനെ തിന്മയും കഷ്ടവും ഈ ലോകത്തിൽ കടന്നുകൂടി എന്ന് ചിന്തിക്കേണ്ടതുണ്ട്. ''പാപം ചെയ്ത മനുഷ്യന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കും'' എന്ന് ദൈവം പറഞ്ഞു. ആ ശാപം ഭൂമിയിൽ നിലനിൽക്കുകയാണിപ്പോഴും. അതാണ് വലിയ പ്രശ്നം. ദൈവം ഭൂമിയെ ശപിച്ച് ഈ വിധത്തിലാക്കിയതെന്തിനാണ് എന്ന് ചിന്തിച്ചേക്കാം. എന്നാൽ അങ്ങനെയല്ല കാര്യം പാപം നിമിത്തം ഭൂമി സ്വയമേവ ശാപഗ്രസ്ഥമാവുകയായിരുന്നു എന്നാണ് വസ്തുത. അതായത് ഭൂമിയുടെ ഉടമസ്ഥതയുടെ അവകാശവും ദൈവം മനുഷ്യന് ഭരമേൽപിച്ചിരുന്നു (ഉൽപ. 1:28). മനുഷ്യന്റെ മേൽ അധികാരവും കർത്തൃത്വവും സൃഷ്ടാവായ ദൈവത്തിനുമായിരുന്നു എന്നാൽ പാപം ചെയ്ത മനുഷ്യൻ പിശാചിന്റെ പക്ഷത്തായപ്പോൾ ആ വ്യവസ്ഥിതിക്ക് മാറ്റം വന്നു. ദൈവാധീനതയിലുള്ള മനുഷ്യനിൽ നിന്നും ഭൂമിയിന്മേലുള്ള കർത്തൃത്വവും പ്രവർത്തനാധികാരവും പിശാചിന് കൈവന്നു. അതോടെ പിശാചിന്റെ സ്വഭാവവും പ്രകൃതവും ഭൂമിക്കുമേൽ വിന്യസിക്കപ്പെട്ടു.

ദൈവം സ്നേഹമാണ്, തിന്മകളെ നീക്കാൻ കഴിവുള്ളവനാണ്. തോു ചെറിയ സംഭവവികാസങ്ങളെയും അടുത്തറിയാവുന്നവനുമാണ്. നൊന്തുനീറുന്ന ജീവിതാനുഭവങ്ങളിൽ നാമായിരിക്കുമ്പോഴും നമ്മുടെ ശ്വാസോച്ഛ്വാസത്തോളം അടുത്തു കർത്താവുണ്ട്. കർത്താവിന് ഭേദമാക്കുവാനോ, പുതുക്കുവാനോ, ബലപ്പെടുത്തുവാനോ കഴിയാത്തതായി ഒന്നുമില്ല. ദോഷകരമായതിനെയോ, ദോശം പ്രവർത്തിക്കുന്നവരെയോ ലഘുവായി കണ്ട് നിസ്സാരവൽക്കരിക്കുന്നവനല്ല ദൈവം. കരയുന്നവനോടുകൂടെ കരയുന്ന ആർദ്ര ഹൃദയനാണ് കർത്താവ്. എന്നാൽ സാത്താന്റെ കർത്തൃത്വം നടക്കുന്ന ഈ ഭൂമിയിൽ ഇന്നത്തെ സാഹചര്യത്തിൽ ആകമാനമായ ഒരു നീക്കുപോക്ക് ഇപ്പോഴുണ്ടാവില്ല.

മനുഷ്യനെ മോഹവലയത്തിൽ പെടുത്തി പാപത്തിൽ കുടുക്കുന്ന സാത്താന്യതന്ത്രത്തെ നാം ജാഗ്രതയോടെ കരുതണം. സായിപ്പ് മോതിരം ഇട്ടാൽ നമ്മളിടണോ, മദാമ്മ ചെറുവസ്ത്രം ധരിച്ചാൽ നമ്മളുടെ സ്ത്രീകൾ ഇടണമെന്നില്ല. അവരവരുടെ നാട്ടുസംസ്കാരം, നമ്മുടെ മാതാപിതാക്കൾ ദൈവത്തെ കണ്ടപ്പോൾ, നാം ക്രിസ്തുവിലായപ്പോൾ നമ്മുടെ പ്രത്യാശ, സ്നേഹം നമ്മുടെ യോഗ്യമായ വസ്ത്രധാരണം, നാം ധനികരാണ് അവകാശപ്പെടുമ്പോൾ മാറ്റപ്പെടേണ്ടതാണോ? ഛർദ്ദിച്ചത് ഭക്ഷിക്കാമോ? ബാൽ സാഹേബ് ഠാക്കറേ ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി ''നല്ല രീതിയിൽ സ്ത്രീകൾ വസ്ത്രം ധരിച്ച് നടന്നാൽ മുംബൈയിൽ പീഢനം ഉണ്ടാകില്ലായെന്ന്'' വളരെ ചിന്തിക്കേണ്ടതാണ് ഈ വസ്തുത.

സത്യത്തിൽ ഇന്നും അടിസ്ഥാനവുമായി ജീവിക്കാനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടുന്നത് എങ്ങനെയെന്ന് നാം അറിയണം. ലേവ്യ. 19:26-28. രക്തത്തോടുകൂടിയുള്ളത് തിന്നരുത്, ആഭിചാരം ചെയ്യരുത്, മുഹൂർത്തം നോക്കരുത്, നിങ്ങളുടെ തലമുടി ചുറ്റും വിളുമ്പു വടിക്കരുത്, താടിയുടെ അറ്റം വിരൂപമാക്കരുത്, മരിച്ചവർക്കുവേണ്ടി ശരീരത്തിൽ മുറിവുണ്ടാക്കരുത്. കൈമേൽ പച്ച കുത്തരുത്. ഞാൻ യഹോവയാകുന്നു. തങ്കുബ്രദർ പറയുന്നതുപോലെ പഴയനിയമം നാം നോക്കേണ്ട എന്നത് ഇവിടെ സ്വീകാര്യമല്ല. വചനം എല്ലാം ദൈവശ്വസനീയമത്രേ.

1 തിമോ. 2:9 അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടു സുബോധത്തോടും നിങ്ങളെത്തന്നെ അലങ്കരിക്കേണം. ഇതിന് വിപരീതമായി ബാശാന്യ പശുക്കളെപോലെ യെശ. 3:16. സീയോൻ പുത്രിമാർ നിഗളിച്ച് കഴുത്തുനീട്ടിയും ഏറുകണ്ണിട്ടുകൊണ്ട് സഞ്ചരിക്കുകയും തത്തി തത്തി നടക്കുകയും കാൽകൊണ്ട് ചിലമ്പൊലി കേൾപിക്കുകയും ചെയ്യുന്നു. ഈ വക വിട്ട് നാം എബ്രായർ 3:1 ൽ വിശുദ്ധ സഹോദരന്മാരേ സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കുവിൻ എന്നിട്ട് 1 കൊരി. 6:18-20 ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്ന നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കുവാങ്ങിയിരിക്കയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. നിഗളിച്ചു പോകാതിരിപ്പാൻ 2 കൊരി. 12:8. കർത്താവിന്റെ കൃപ നമ്മോടുകൂടി ഇരിക്കട്ടെ. ബലഹീനതയിൽ അവന്റെ ശക്തി തികഞ്ഞുവരട്ടെ. ആമേൻ.

## വിശേഷാൽ പതിപ്പ്

സദ്വാർത്ത 2018 ജനുവരി ലക്കം വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്ന വിവരം സന്തോഷത്തോടെ വായനക്കാരെ അറിയിച്ചു കൊള്ളട്ടെ. റീജനൽ കൺവൻഷനോട് അനു ബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ലക്കത്തിലേക്ക് സഭകളുടെയോ വ്യക്തികളുടെയോ സ്ഥാപന ങ്ങളുടെയോ കോംപ്ലിമെന്റ് നൽകിയാൽ പ്രസിദ്ധീകരിക്കുന്നതാണ്. പേജുകൾ വർദ്ധിപ്പിച്ചും മൾട്ടി കളറിലും പുറത്തിറക്കുന്ന വിശേഷാൽ പതിപ്പിന് വായനക്കാരുടെ സ്വമേധയുള്ള സംഭാവനകൾ ആവശ്യപ്പെടുന്നു.

– പബ്ലിക്കേഷൻ ഡയറക്ടർ
9967988939

## ചിക്കുവും ചിന്നുവും




## യൂത്ത് വർഷിപ്പ്

**പൂനെ :** പൂനെ മലയാളം ഡിസ്ട്രിക്റ്റ് വൈ.പി.ഇ. യുടെ ആഭിമുഖ്യത്തിൽ ദേഹു റോഡ് ദൈവസഭാ ഹോളിൽ വച്ച് യൂത്ത് വർഷിപ്പ് നടന്നു. പാ. ബെഞ്ചി മാത്യുവും ദേഹുറോഡ് ചർച്ച് ക്വയറും സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഐസി.പി.എഫ്. പൂനെ ഡിസ്ട്രിക്റ്റ് കൗൺസിലർ ഇവാ. ബിന്നി മാമ്മൻ ദൈവവചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്റ്റിലെ വിവിധ കർത്തൃദാസന്മാരും യുവജനങ്ങളും സംബന്ധിച്ചു.

# രുചിയുടെ ദൈവം

ജോസ്ന ജോർജ്, വിക്രോളി.

ഇന്ന് ഈ ലോകം സമൃദ്ധിയുടെ കാലം വിശപ്പുള്ളവൻ ആഹാരത്തിനായും തിന്ന് തൃപ്തനായവൻ രുചി തേടിയും പോകുന്നു. കണ്ടിട്ടില്ലാത്തതും രുചിക്കാത്തതുമായ എത്രയോ തരം വിഭവങ്ങൾ ഇനിയും ഉണ്ട്. കാലാന്തരങ്ങളുടെ വ്യത്യാസവും പുതിയ ആവിർഭാവങ്ങളും മനുഷ്യ മനസ്സുകളെ ആകുലതപ്പെടുത്തുകയും അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു.

മുഖപക്ഷം നോക്കാതെയും ാരും വിളിക്കാതെയും നമ്മളിലേയ്ക്ക് കടന്നുകൂടുന്നു അതിഥിയാണ് 'രോഗങ്ങൾ' വരുത്തുന്നു. വളരെ പ്രിയമായിരുന്ന പലതിനെയും അകലേയും അപ്രിയമായതിനെ അടുത്തം കൊണ്ടു തരുന്നു. അരുചിയുടെ കാലങ്ങൾ തുടങ്ങുകയായി. ഒരു ചെറിയ കാര്യത്തിനുപോലും മനുഷ്യൻ മനുഷ്യനോട് കാട്ടുന്ന പകയോ, വിദ്വേഷമോ, പരിഭവമോ ഈ രോഗങ്ങളോട് കാണിക്കാൻ പറ്റില്ല. ഇവയ്ക്ക് ഇതൊന്നും ഒരു വിഷയമേ അല്ല.

ഈ ലോകാരംഭത്തിന്റെ തുടക്കം തന്നെ ഹൗവ്വയെ പിശാച് പ്രലോഭിപ്പിച്ച് രുചിപ്പിച്ചതുകൊണ്ട് ആ രുചിയുടെ 'ഫലം' ഇന്ന് വരെ ഈ ഭൂമിയിൽ മനുഷ്യൻ അനുഭവിക്കുന്നു 'അടിമത്വം'. പാപം വാതിൽക്കൽ നിൽക്കുന്നു. അന്നത് ഒരു ചെറിയ ആഗ്രഹവും അനുസരക്കേടും. ഇന്ന് ഇത് ഈ ലോകത്തിലെ എണ്ണിത്തീരാത്ത പാപത്തിന്റെ വകഭേദങ്ങളായി വിശാലതയ്ക്കും പിന്നെ ആയുസ്സിന്റെ എണ്ണപ്പെടുന്ന നിമഷങ്ങളിലേക്കും എത്തിച്ചേർക്കും.

നന്മയും തിന്മയും രുചിച്ചറിഞ്ഞതായിരുന്നു. ഈ ലോകത്തിനുവേണ്ടിയുള്ള ആദ്യത്തെ രുചിയുടെ അനുഭവം. ഈ ലോകജീവിതം മാധുര്യമാക്കാൻ മനുഷ്യൻ തേടിപ്പോകുന്ന വഴികൾ അറിവിന്റെയും അന്ധകാരത്തിന്റെയും മടിത്തട്ടിലേക്ക് ഈ 'മനുഷ്യനെ' പിശാച് അന്ധകാരത്തിലേക്ക് തള്ളിയിടുന്നു. തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്ന മനുഷ്യനെ തിരഞ്ഞ് രക്ഷിക്കാൻ വന്ന ''ദൈവത്തെ'' മനുഷ്യൻ തിരിച്ചറിഞ്ഞത് ദൈവശബ്ദം കേട്ടും. അത്ഭുതങ്ങളാലും ശത്രുവിൽ നിന്നുള്ള ജയം പ്രാപിച്ചും അവർ ദൈവത്തെ രുചിച്ച് അനുഭവത്തിലൂടെ ദൈവത്തെ അറിഞ്ഞു. ദൈവശബ്ദം കേട്ട് ഇറങ്ങിയ ഇവർക്ക് ലഭിച്ചത് ഏദൻ തോട്ടത്തിന് തുല്യതയുള്ള ഒരു കനാൻ ദേശം.

മനുഷ്യരുടെ പാപം നിമിത്തം ഈ ദേശങ്ങളും പാപത്തിൽ ആണ്ടുപോയി. ഇരുട്ടിലും അന്ധതമസ്സിലും നടന്ന ജനം വലിയോരു വെളിച്ചം കണ്ടു. ആ പ്രകാശം ''കർത്താവായ യേശുക്രിസ്തു''. അവർ ദൈവത്തെ നേരിട്ട് അടുത്ത് അറിഞ്ഞു. വഴിയും സത്യവും നിത്യജീവനും പകർന്നരുളിയ കർത്താവ് ജീവവൃക്ഷത്തിന്റെ ഫലം രുചിക്കാനും സ്വർഗ്ഗീയ അവകാശം തരുവാനും പാപികളായ നമുക്കുവേണ്ടി ചൊരിഞ്ഞ ആ പരിശുദ്ധ രക്തവും ആ പൊൻശരീരവും ഉയിർപ്പിൻ നാളോളം രുചിച്ച് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധം വരുത്തി വീണ്ടെടുപ്പിൻ നാളോളം വിശുദ്ധരായി ജീവിപ്പാനും ദൈവവചനത്തിന്റെ രുചി നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ ഭൂമിയിലെ നന്മയും തിന്മയും തിരിച്ചറിയാൻ കഴിയുന്ന മനുഷ്യൻ, സ്വർഗ്ഗീയ നന്മപ്രാപിപ്പാൻ ക്രിസ്തുയേശുവിനോട് ചേർന്ന്, കളങ്കമില്ലാത്തവരായി മഹത്വീകരിക്കപ്പെട്ട ക്രിസ്തുയേശുവിന്റെ സാക്ഷ്യത്തിനായും, ആ വിളിക്കായി സ്വർഗ്ഗീയ അവകാശം ലഭിപ്പാൻ ക്രിസ്തുവിനെ രുചിച്ചും കൊണ്ട് കാത്തിരിക്കുന്നു.

സങ്കീർത്തനക്കാരോട് ചേർന്ന് ''യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ, യഹോവയെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ''.



SADHWARTHA
Glory to God in the highest... ...and on earth peace
For Private Circulation only.
P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834
email : sadhwartha@gmail.com

# ബൈബിൾ ക്ലാസ്സ്

**ഭോപ്പാൽ :** ഭോപ്പാൽ ദൈവസഭയുടെ ആഭിമുഖ്യത്തിൽ ബൈബിൾ ക്ലാസ് നടന്നു. പാ. ബാബു തങ്കച്ചൻ വെളിപ്പാട് പുസ്തകത്തിലെ ഏഴ് സഭകളെക്കുറിച്ച് ക്ലാസ്സെടുത്തു. സഭാ ശുശ്രൂഷകൻ പാ. പി. എസ്. സാംകുട്ടി നേതൃത്വം നൽകി. ഡിസ്ട്രിക്റ്റിലെ വിവിധ ശുശ്രൂഷകന്മാരും വിവിധ സഭകളിൽ നിന്നുമുള്ള ദൈവമക്കളും സംബന്ധിച്ചു. ഞായറാഴ്ച്ച ഭോപ്പാലിലുള്ള ദൈവസഭകളുടെ സംയുക്ത ആരാധനയും നടന്നു.

*റിപ്പോർട്ട് - പാ. ടി. ജെ. വിനോദ്*

## ധ്യാനവും ചിന്തയും

നിങ്ങളുടെ ആത്മാവിലെ കോപശക്തിയെ സ്നേഹത്താൽ കടിഞ്ഞാണിട്ടു നിർത്തുക. അതിന്റെ അഭിലാഷത്തെ ആത്മനിയന്ത്രണ ത്താൽ ശമിപ്പിക്കുക. പ്രാർത്ഥനയാൽ അതിന്റെ ധാരണാ ശേഷിക്ക് ചിറകുകൾ നല്കുക. അപ്പോൾ നിങ്ങളുടെ ഉള്ളിലെ ദീപം ഒരിക്കലും അണയുകയില്ല.

# സുവിശേഷകന്മാർ തങ്ങൾ പ്രസംഗിക്കുന്ന ദൈവത്തെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും വെളിപ്പാട് ഉള്ളവരായിരിക്കണം

## പാസ്റ്റർ വി. ഓ. വർഗീസ്

**കാൺപൂർ:** തങ്ങൾ പ്രസംഗിക്കുന്ന ദൈവത്തെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും സുവിശേഷകന്മാർക്ക് ആഴമായ വെളിപ്പാട് ഉണ്ടായിരിക്കണമെന്ന് പാസ്റ്റർ വി. ഓ. വർഗീസ് പ്രസ്ഥാപിച്ചു. ഇന്ത്യാ ദൈവസഭ സെൻട്രൽ വെസ്റ്റ് റീജിയനിലെ കാൺപൂർ, ഉന്നാവോ എന്നീ രണ്ട് ഡിസ്ട്രിക്റ്റുകൾ സംയുക്തമായി ക്രമീകരിച്ച പാസ്റ്റേഴ്സ് ഫാമിലി സെമിനാറിൽ സദൃശവാക്യങ്ങൾ 29:18 ആധാരമാക്കി സംസാരിക്കയായിരുന്നു അദ്ദേഹം. ലോകത്തോടുള്ള പറ്റിച്ചേരൽ, ദൈവത്തെ അനുസരിക്കുന്നതിനുള്ള ഇഷ്ടക്കുറവ്, വെളിപ്പാടിനെക്കുറിച്ചുള്ള അറിവില്ലായ്മ മുതലായ കാരണങ്ങളാൽ ദൈവീക വെളിപ്പാടുകളെ ഗ്രഹിക്കാതെ പോകുന്നതിന്റെ അപകടം ദൈവദാസന്മാർ തിരിച്ചറിയണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു. മാനസ് വിഹാർ കാൺപൂർ



**പാസ്റ്റർ വി. ഓ. വർഗീസ് പ്രസംഗിക്കുന്നു**

ദൈവസഭാ ഹോളിൽ വച്ച് ഓഗസ്റ്റ് മാസം 15-ാം തിയതി ആയിരുന്നു സമ്മേളനം. ഡിസ്ട്രിക്റ്റ് പാസ്റ്റേഴ്സായ ടെന്നിസൻ മാത്യു, സഞ്ചയ് ആൽവിൻ എന്നിവർ നേതൃത്വം നല്കിയ യോഗം വൈകിട്ട് 5 മണിക്ക് സമാപിച്ചു.

**എന്റെ ജീവിതത്തിലെ ഒരനുഭവകുറിപ്പ് ...**

# മാതാപിതാക്കളോട് ...


പാസ്റ്റർ മനു കെ. ചാക്കോ, ഗോവ

1994, പരുമല ഡി.ബി. കോളജിന്റ ചവിട്ടുപടികളിറങ്ങി വന്ന എന്റെ അപ്പനെ കണ്ടു എന്റെ കൂട്ടുകാരൻ മാത്യൂസ് തന്റെ കൈയ്യിൽനിന്നും പുകയുന്ന സിഗരറ്റ് താഴെയിട്ടു...

യാദൃശ്ചികമായി അപ്പനെ കണ്ടു ഞെട്ടിയ ഞാനും ഒരു നിമിഷം എന്തു ചെയ്യണമെന്നറിയാതെ പകച്ചുപോയി... ഒരായിരം ചോദ്യങ്ങൾ മനസ്സിലേക്ക്....

നഗ്നപാദനായി തോൾസഞ്ചിയും തൂക്കി കലാലയത്തിലേക്കുള്ള തന്റെ നടത്തം എന്തോ ഒരു ലക്ഷ്യത്തോടെയായിരുന്നു എന്നെനിക്കു മനസ്സിലായി.

അപ്പന്റെ പുറകേ നടക്കുമ്പോൾ കഴിഞ്ഞ ഒന്നര വർഷം കൊണ്ടു നടക്കുന്ന ഈ കോളജിലെ നടപ്പാതയ്ക്ക് എന്തോ നീളം കൂടിയതുപോലെ..... കിലോമിറ്ററുകൾ എന്തോ ഭാരവും പേറി നടക്കുന്ന ഒരനുഭവം.

അപ്പൻ നേരേ നടന്നു പ്രിൻസിപ്പാളിന്റെ ഓഫിസിലേക്ക്....

കൈയ്യിലെ കത്തു ഓഫിസിലെ സ്റ്റാഫിനേ കാട്ടിയപ്പോൾ അപ്പന്റെ ആഗമനോദ്ദേശം മനസ്സിലായി.

കോളേജിൽ ക്ലാസ്സ് കട്ട് ചെയ്തതിന്ന് വീട്ടിൽ വന്നു ......കടിതം !

പരീക്ഷ എഴുതണേൽ അപ്പൻ വരണം കോളേജിൽ ....

അപ്പൻ ഒരു അര മണിക്കൂർ ഡോ. രാധാകൃഷ്ണൻ സാറിനോട് സംസാരിച്ചു..

തുടർന്ന് പ്രിൻസിപ്പാൾ സാറു എന്നെ വിളിച്ച്... നന്നാക്കാനുള്ള ശകാരങ്ങളും ഉപദേശങ്ങളും ..

അന്നു തിരികെ വീട്ടിൽ എത്തിയത് ഒരു മഹാ യുദ്ധം പ്രതീക്ഷിച്ചു കൊണ്ടായിരുന്നു...

അപ്പൻ എന്താ പറയാൻ പോകുന്നത് ? എങ്ങനെ തന്നെ അഭിമുഖീകരിക്കും ? അപ്പൻ അമ്മയോടു പറഞ്ഞിട്ടുണ്ടാകുമോ?

പക്ഷേ കാലാവസ്ഥ ഉദ്ദേശിച്ചത്ര ഭീകരമല്ലായിരുന്നു... എങ്കിലും അപ്പനും അമ്മയ്ക്കും എന്തോ ഒരു വിഷമം ഉണ്ടെന്നു മനസ്സിലായി.

പക്ഷേ അന്നു രാത്രി .....

രാത്രി കിടന്നിട്ടും ഉറക്കം വരുന്നില്ല .... വീണ്ടും അനേക ചിന്തകൾ... അനേക ചോദ്യങ്ങൾ

എന്തായിരിക്കും അപ്പൻ സാറിനോട് പറഞ്ഞത്?

സാറ് അപ്പനോടെന്തായിരിക്കും പറഞ്ഞത്?

എന്താ അപ്പൻ പതിവു പോലെ വഴക്കു പറയാതിരുന്നത്?

ഇനി നാളെ എന്താ ഉണ്ടാകാൻ പോകുന്നത് ?

ഈ ചോദ്യങ്ങളുമായി ഉറക്കം നടിച്ച് കിടന്ന എന്റെ കട്ടിലിലേക്ക് അപ്പൻ വന്നിരുന്ന് എന്റെ ദേഹത്ത് കൈ വച്ച് പ്രാർത്ഥിക്കുന്നു...

കുറച്ച് കഴിഞ്ഞപ്പോൾ എന്റെ ദേഹത്ത് അദ്ദേഹത്തിന്റെ കണ്ണുനീർ തുള്ളികൾ ...

ഞാനുറങ്ങി എന്നു കരുതി അപ്പൻ വന്നു ഞാൻ നന്നാകാനായി പ്രാർത്ഥിക്കുന്നു.

ഹോ!! ആ മനസ്സ് മനസിലാക്കിയ രാത്രി !!!

എന്നെ ഞാനാക്കിയ ആ കണ്ണുനീർ... ആ പ്രാർത്ഥന... ആയിരം വാക്കുകളുടെ ഉപദേശത്തേക്കാളും ജ്ഞാന മേറിയതായിരുന്നു, എനിക്ക് ലോകത്തിൽ തനിക്കു തരാൻ കഴിഞ്ഞ എറ്റവും വിലയേറിയ സ്വത്തായിരുന്നു... അടുത്ത തലമുറയ്ക്ക് കൈമാറാൻ ഒരുമഹത്തായ മാതൃകയായിരുന്നു ...

വാക്കുകൾ ഇല്ലാത്ത സന്ദേശമായിരുന്നു...

ഈ ഭൂമിയിൽ ആ അപ്പന്റെ മകനായതിൽ സന്തോഷിക്കുന്നു.

ഇതു വായിക്കുന്ന ഓരോ മാതാപിതാക്കളോടും പറയട്ടെ. ഇന്നു നാം നമ്മുടെ തലമുറകൾക്ക് നല്ല വിദ്യാഭ്യാസം നല്ല വളർച്ചയ്ക്ക് ഉതകുന്ന എല്ലാ സാഹചര്യ ങ്ങളും കഷ്ടപ്പെട്ട് ഒരുക്കി കൊടുക്കുന്നു പക്ഷേ എത്ര പേർ അവർക്കായി പ്രാർത്ഥിക്കുന്നു. അവർ ആത്മീകരായി ധാർമ്മികമായി സമൂഹ ബോധമുള്ളവരായി മൂല്യങ്ങൾ ഉള്ളവരായി വളരാൻ ജീവിക്കാൻ ?

നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ തലമുറകൾക്കായി. അവർ എവിടെ പോകുന്നു എന്തു ചെയ്യുന്നു ആരോടു സംസാരിക്കുന്നു എന്നു നാമറിയുന്നില്ല എങ്കിലും നമുക്ക് അവർക്കായി പ്രാർത്ഥിക്കാം.

പ്രാർത്ഥനയിൽ അവരെ നിയന്ത്രിക്കാം.

പ്രാർത്ഥന എന്ന റിമോട്ട് കൺട്രോളിലൂടെ നമ്മുടെ വരും തലമുറയെ നിയന്ത്രിക്കുന്നവരായി ഒരു തലമുറയായി നമുക്ക് മാറാം.

കർത്താവ് വരവ് താമസിച്ചാൽ നമ്മുടെ പ്രാർത്ഥനയിലൂടെ ഒരു അഭിഷിക്ത, ദർശനമുള്ള തലമുറ ഉണ്ടാകട്ടെ. അതിനായി പ്രാർത്ഥിക്കാം. ●

**സദ്വാർത്ത
ഒരു ശുശ്രൂഷയാണ്
പ്രാർത്ഥിക്കുക, സഹകരിക്കുക**

# പാസ്റ്റേഴ്സ് ഫാമിലി സെമിനാർ സമാപിച്ചു



**ബാന്ദ :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ നോർത്ത് ഡി. പാസ്റ്റേഴ്സ് ഫാമിലി സെമിനാർ ആഗസ്റ്റ് 15 ന് അട്ടാരാ (ബാന്ദ, യു.പി.) ബെഥേൽ ചർച്ചിൽ നടന്നു. 22 ദൈവദാസന്മാരും അവരുടെ കുടുംബവും സെമിനാറിൽ സംബന്ധിച്ചു. രണ്ട് സെഷനായി നടന്ന മീറ്റിംഗിൽ സെൻട്രൽ വെസ്റ്റ് റീജിയൻ ഇവാ. ഡയറക്ടർ പാ. ഇ. പി. സാംകുട്ടി ക്ലാസ് എടുത്തു. പാ. ആർ. എസ്. സാം (ഡി. ഇൻചാർജ്) ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാ. ബിനു സാമുവേലിന്റെ (ആഗ്ര) നേതൃത്വത്തിൽ വിവിധ സഭകളിൽ നിന്നുള്ള ദൈവദാസന്മാരും സഹോദരിമാരും ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. ഫലപ്രദമായ ഇടയ ശുശ്രൂഷയെക്കുറിച്ച് രാവിലെയും ശുശ്രൂഷയിൽ ശുശ്രൂഷകന്റെ ഭാര്യയുടെ പങ്കിനെക്കുറിച്ച് ഉച്ചകഴിഞ്ഞും ക്ലാസുകൾ എടുത്തത് ദൈവദാസന്മാർക്കും കുടുംബത്തിനും പ്രോത്സാഹനവും അനുഗ്രഹവുമായി തീർന്നു.

Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Biju Thankachan
General Editor : Pastor P. T. Mathew. Email : sadhwartha@gmail.com Typesetting & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243